പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5023 23/3/2018 ൽ മറുപടിക്ക്

## മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം

**ശ്രീ.എം. സ്വരാജ്**

മറുപടി

**അഡ്വ .കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | എ) | 2017-18 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 2937 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 150 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 50 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 125 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു. |
| ബി) | മൃഗഡോക്ടർമാരുടെ സേവനം കൂടുതൽ ലഭ്യമാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻഓഫീസർ